(സി) നിലവിലെ എൽ.ഡി. ക്ലാർക്ക് തസ്തികകളിൽ വർക്കിംഗ് അറേഞ്ച് മെന്റിലോ, ഡെപ്യൂട്ടേഷനിലോ, ദിവസവേതനാടിസ്ഥാനത്തിലോ എൽ.ഡി. ക്ലാർക്കുമാരല്ലാത്ത എത്ര ജീവനക്കാർ ജോലിചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ 2010 ഏപ്രിൽ മുതൽ 2011 മാർച്ച് 31 വരെയും 2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയും ഉള്ള കാലയളവിൽ 55 വയസ് പൂർത്തിയാക്കുന്ന എത്ര മിനിസ്റ്റീരിയൽ ജീവനക്കാർ ഉണ്ട് ; ഇവരുടെ പേര്, ജനനത്തീയതി, നിലവിലെ തസ്തിക എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത സ്ഥാപനങ്ങളിൽ എത്ര താൽക്കാലിക ജീവനക്കാർ ഏതെല്ലാം തസ്തികകളിൽ ജോലിചെയ്യുന്നുണ്ട് ; ഇവർ ജോലിയിൽ പ്രവേശിച്ച തീയതി ഏതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) നിലവിൽ സൂപ്പർ ന്യൂമററി ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര എണ്ണം ;

(ജി) മത്സ്യഫെഡിലെ നിയമനങ്ങൾ പി.എസ്.സി.-വഴി നടത്തുവാൻ ചട്ടങ്ങൾ നിർമ്മിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുസമർപ്പിക്കുന്നതാണ്.

(എഫ്) നിലവിൽ ഫിഷറീസ് വകുപ്പിൽനിന്നും 15 സൂപ്പർ ന്യൂമററി ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ജി) നിയമനങ്ങൾ സംബന്ധിച്ച സ്പെഷ്യൽ റൂളിന് പി.എസ്.സി.-യുടെ അനുമതി തേടാനുള്ള നടപടികൾ എടുത്തുവരുന്നു.

ഫിഷറീസ് വകുപ്പിൽ റിസർച്ച് അസിസ്റ്റന്റ് തസ്തിക

207 (1677) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പിൽ റിസർച്ച് അസിസ്റ്റന്റ് തസ്തിക എത്രയെണ്ണമുണ്ട് ; പ്രസ്തുതത തസ്തികകളിൽ ഇപ്പോൾ സേവനമനുഷ്ഠിക്കുന്നവർ ആരൊക്കെ ;

(ബി) റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽനിന്നും എത്ര പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നുണ്ട് ; അവർ ആരൊക്കെയെന്നും എവിടെയൊക്കെയെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഫിഷറീസ് വകുപ്പിൽ ആകെ 7 (ഏഴ്) റിസർച്ച് അസിസ്റ്റന്റ് തസ്തികകളിലാണ് ഉള്ളത്. ടി തസ്തികകളിൽ സേവനമനുഷ്ഠിക്കുന്നവരുടെ പേരുവിവരങ്ങൾ ചുവടെചേർക്കുന്നു :

1. ശ്രീ. സജി. ടി. പന്നിവേലിച്ചിറ
2. Vacant പൊളച്ചിറ
3. ശ്രീ. എ. പി. ഷീജാമേരി, പോളച്ചിറ
4. ശ്രീ. കെ. സുഹൈർ, അഴീക്കോട്
5. ശ്രീമതി ജി. ജയശ്രീ, അഴീക്കോട്
6. ശ്രീമതി സുഗന്ധകുമാരി കെ. വി., മലമ്പുഴ
7. ശ്രീമതി തുളസികുമാരി. എസ്., മലമ്പുഴ
8. ശ്രീമതി എസ്. ജയശ്രീ (പ്രസവാവധിയിൽ)
9. ശ്രീമതി ബേബി ഷീജാ കോഹൂർ (പ്രസവാവധിയിൽ)

(ബി) 6 (ആറ്) പേർ. പ്രസ്തുത ജീവനക്കാരുടെ പേരും ഡെപ്യൂട്ടേഷനിൽ സേവനമനുഷ്ഠിക്കുന്ന ഓഫീസിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. ശ്രീമതി ആർ. അമ്പിളി
   മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്,
   വെട്ടുകാട്, തിരുവനന്തപുരം.
2. ശ്രീമതി വിജിരാജ്. എൽ
   മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്,
   മയ്യനാട്, കൊല്ലം
3. ശ്രീ. ജെ. സുരേഷ് ബാബു
   ജലകൃഷി വികസന ഏജൻസി
   ഹെഡ് ഓഫീസ്, തിരുവനന്തപുരം
4. ശ്രീ. എസ്. സന്തോഷ് കുമാർ
   ജലകൃഷി വികസന ഏജൻസി
   ഹാച്ചറി, ഓടയം
5. ശ്രീ. ഇ. മുജീബ്
   ജലകൃഷി വികസന ഏജൻസി
   ഹാച്ചറി, ഓടയം
6. ശ്രീ. എ. പി. സതീഷ് കുമാർ
   മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, വിഴിഞ്ഞം

LIBRARY ARCHIVES Kerala Legislative Assembly